"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) ശ്രീമതി. ജെസ്ലെറ്റ്.എ. ന്റെ നിയമനം 03.06.2024 മുതൽ അംഗീകരിക്കുന്നതിനായി സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3039/2026/GEDN തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:-

1. കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) ശ്രീമതി. ജെസ്ലെറ്റ്.എ സമർപ്പിച്ച 02/04/2025 തീയതിയിലെ പുന:പരിശോധന ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26-05-2025 തീയതിയിലെ ഇ.റ്റി1/9909/2025/ഡി.ജി.ഇ നമ്പർ കത്ത്.
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 26-05-2025 തീയതിയിലെ DDEKLM/1642/2025-B3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) ശ്രീമതി. ജെസ്ലെറ്റ്.എ. സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 29.07.2025 തീയതിയിൽ വാദം കേട്ടു.

2. ഹർജിക്കാരുടെ വാദം താഴെപ്പറയും പ്രകാരം ആയിരുന്നു.

പരാതിക്കാരിയായ ശ്രീമതി.ജെസ്ലറ്റ്.എ കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വിവിധ സ്കൂളുകളിൽ ചുവടെ ചേർക്കുന്ന കാലഘട്ടങ്ങളിൽ ദിവസവേതനത്തിൽ എച്ച്.എസ്.റ്റി. (എസ്.എസ്.) ആയി സേവനം അനുഷ്ഠിച്ച് നിയമനം അംഗീകരിച്ചിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| 1 | സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം | 06-06-2011 | മുതൽ | 31-08-2011 |
| 2 | സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം | 12-09-2011 | മുതൽ | 22-12-2011 |
| 3 | സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം | 10-01-2012 | മുതൽ | 17-02-2012 |
| 4 | ക്യസ്തു രാജ് എച്ച്.എസ്.എസ്. കൊല്ലം | 10-06-2013 | മുതൽ | 30-08-2013 |
| 5 | സെന്റ് അലോഷ്യസ് എച്ച്.എസ്.എസ് | 05-08-2022 | മുതൽ | 08-10-2022 |

| | | | | |
|---|---|---|---|---|
| 5 | സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്. | 05-08-2022 | മുതൽ | 08-10-2022 |
| 6 | സെന്റ് മികായേൽസ വി.എച്ച്.എസ്.എസ് | 11-11-2022 | മുതൽ | 31-03-2023 |

31-03-2023 വരെ ദിവസ വേതനത്തിൽ സേവനം അനുഷ്ഠിച്ചുവരവെ ശ്രീമതി.ജെസ്ലറ്റ്.എ. യെ 03-10-2023 മുതൽ ശ്രീ. സുജിത്ത്. എം.റ്റി. യുടെ സ്ഥാനകയറ്റ പരിണിത ഒഴിവിൽ കൊട്ടിയം സി.എഫ്.എച്ച്.എസിൽ റഗുലർ എച്ച്.എസ്.റ്റി. (എസ്.എസ്) ആയി നിയമിച്ച് നിയമനാംഗീകാര പ്രൊപ്പോസൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിൽ സമർപ്പിച്ചു. ശ്രീ. സുജിത്തിനെ സ്ഥാനകയറ്റം ലഭിച്ചത് 01-06-2020 മുതലായിരുന്നു. ഇതേ വേക്കൻസിയിൽ ശ്രീമതി.ലീലാമ്മയെ 15-09-2021 മുതൽ നിയമനം നടത്തി നിയമനം അംഗീകരിച്ചു തുടർന്നുവരവെ 25-09-2023 മുതൽ ശ്രീമതി.ലീലാമ്മ സർക്കാർ സർവ്വീസിൽ ചേർന്നു. ശ്രീമതി. ലീലാമ്മയെ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അനുവാദത്തോടെ റിലീവ് ചെയ്തു സ്ഥാപിക്കപ്പെട്ട ഒഴിവിലാണ് ശ്രീമതി.ജെസ്ലറ്റ്.എ. യെ എച്ച്.എസ്.റ്റി. (എസ്.എസ്.) ആയി നിയമിച്ച് തുടർന്നു വന്നത്. ഇപ്രകാരം ശ്രീമതി.ജെസ്ലറ്റ്.എ 03-10-2023 മുതൽ റഗുലർ ഒഴിവിൽ കൊട്ടിയം സി.എഫ് എച്ച്.എസിൽ തുടർന്നുവരവെ 01-06-2022 ൽ കെ.ടെറ്റ് യോഗ്യത നേടി നിയമനം അംഗീകരിച്ചിരുന്ന ശ്രീമതി.ജെസ്ലറ്റ്.എ. യുടെ സീനിയർ ആയ ശ്രീ. മനു ആൻ്റണിയെ 01-06-2022 മുതൽ 21-08-2023 വരെ കൊല്ലം സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ തുടർന്നതിനുശേഷം തസ്തികയില്ല എന്ന കാരണത്താൽ 25-09-2023 മുതൽ ശ്രീമതി.ജെസ്ലറ്റ്.എ യെ നിയമിച്ച് സേവനത്തിൽ തുടർന്നു വന്ന കൊട്ടിയം സി.എഫ്.എച്ച്.എസിലെ ഒഴിവിലേക്ക് മാറ്റി നിയമിച്ചു. തുടർന്ന് ശ്രീമതി.ജെസ്ലറ്റ്.എ. യെ 03-06-2024 മുതൽ ശ്രീ.അനിൽ ഡി യുടെ സ്ഥാനകയറ്റ ഒഴിവിൽ കൊല്ലം സെൻ്റ് അലോഷ്യസ് സ്കൂളിലേക്ക് മാറ്റി നിയമിച്ചു. മാനേജർ നടത്തിയ ഈ ക്രമീകരണം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച് ഉത്തരവായി.

ശ്രീമതി.ജെസ്ലറ്റ് എ ക്ക് 01-01-2023 ൽ 43 വയസ് കഴിഞ്ഞിരുന്നില്ല. ശ്രീമതി.ജെസ്ലറ്റ്.എ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയാണ്. ഒ.ബി.സി. വിഭാഗത്തിലുള്ളവരുടെ ഉയർന്ന പ്രായപരിധി 43 വയസാണ്. ശ്രീമതി.ജെസ്ലറ്റ്.എ. യെ 03-06-2024 മുതൽ കൊല്ലം സെൻ്റ് അലോഷ്യസ് സ്കൂളിലേക്ക് മാറ്റി നിയമിച്ചപ്പോൾ ഉയർന്ന പ്രായപരിധി കഴിഞ്ഞിരുന്നു. സർക്കാരിന് ഉയർന്ന പ്രായപരിധിയിൽ ഇളവ് നല്കുവാൻ അധികാരമുണ്ട്. 01-06-2011 മുതൽ ശ്രീമതി.ജെസ്ലറ്റ്.എ ദിവസവേതനത്തിൽ സേവനം മുതൽ അനുഷ്ഠിച്ചുവരുന്നത് കണക്കിലെടുത്തും ഉയർന്ന പ്രായപരിധി കഴിയുന്നതിന് മുമ്പ് പരാതിക്കാരിയെ റെഗുലർ വേക്കൻസിൽ നിയമിച്ച് തുടർന്നുവരവെ തസ്തിക നഷ്ടപ്പെട്ട സീനിയറിനെ അക്കോമഡേറ്റ് ചെയ്യുന്നതിന് വേണ്ടി 03-06-2024 മുതൽ മാറ്റി നിയമിക്കേണ്ടിവന്നതിലാണ് ഉയർന്ന പ്രായപരിധി കഴിഞ്ഞുപോയത് എന്ന കാര്യവും കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി കണക്കാക്കി ശ്രീമതി.ജെസ്ലറ്റ്.എക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവു നല്കി മറ്റ്തരത്തിൽ ക്രമപ്രകാരമെങ്കിൽ ശ്രീമതി.ജെസ്ലറ്റ്.എയുടെ നിയമനം 03-06-2024 മുതൽ അംഗീകരിക്കുവാൻ കൊല്ലം ജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നല്കണമെന്ന് അപേക്ഷിക്കുന്നു.

3. പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയും പ്രകാരം വാദിച്ചു :

കൊല്ലം കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ അധികാര പരിധിയിൽ വരുന്ന

വിവിധ സ്കൂളുകളിൽ 06/06/2011 മുതൽ വിവിധ കാലഘട്ടങ്ങളിലായി ദിവസവേതനത്തിൽ എച്ച്.എസ്.ടി (എസ്.എസ്) തസ്തികയിൽ അനുഷ്ഠിച്ചിരുന്ന ശ്രീമതി.ജെസ്ലെറ്റ്.എ. യെ, 03/10/2023 മുതൽ ശ്രീ.സുജിത്.എം.ടി. യുടെ സ്ഥാനക്കയറ്റ ഒഴിവിൽ കൊട്ടിയം സി എഫ് എച്ച് എസ് ൽ റഗുലർ എച്ച്.എസ്.ടി (എസ്.എസ്) തസ്തികയിൽ നിയമിച്ചിരുന്നു. തുടർന്ന് ടിയാളെക്കാൾ സീനിയർ ആയ ശ്രീ.മനു ആന്റണിയെ തസ്തിക ഇല്ല എന്ന കാരണത്താൽ 25/09/2023 മുതൽ ടിയാളെ നിയമിച്ച ഒഴിവിലേക്കും, ശ്രീമതി.ജെസ്ലെറ്റ്.എ യെ 03/06/2024 മുതൽ കൊല്ലം സെന്റ് അലോഷിയസ് ഹൈസ്കൂളിലെ ശ്രീ.അനിൽ.ഡി. യുടെ സ്ഥാനകയറ്റ ഒഴിവിലേക്കും മാനേജർ മാറ്റി ക്രമീകരിക്കുകയും ടി ക്രമീകരണം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഒ.ബി.സി വിഭാഗത്തിൽപെട്ട ടിയാൾക്ക് 01/01/2023 ൽ 43 വയസ്സ് കഴിഞ്ഞിരുന്നില്ല, എന്നാൽ 03/06/2024 ൽ കൊല്ലം സെന്റ് അലോഷിയസ് ഹൈസ്കൂളിലേക്ക് മാറ്റി നിയമിച്ചപ്പോൾ ഉയർന്ന പ്രായപരിധി കഴിഞ്ഞിരുന്നു. അതിനാൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകണം എന്നതാണ് ടിയാളുടെ റിവിഷൻ ഹർജ്ജിയിലെ ആവശ്യം.

കോർപ്പറേറ്റ് മാനേജരുടെ അധികാര പരിധിയിൽ വരുന്ന വിവിധ സ്കൂളുകളിൽ ചുവടെ പറയുന്ന കാലഘട്ടങ്ങളിൽ ടിയാൾ ദിവസവേതനത്തിൽ എച്ച്.എസ്.ടി (എസ്.എസ്) തസ്തികയിൽ സേവനം അനുഷ്ഠിക്കുകയും, കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

1. 06/06/2011 മുതൽ 31/08/2011 വരെ സെൻ്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം.

2. 12/09/2011 മുതൽ 22/12/2011 വരെ സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം.

3. 10/01/2012 മുതൽ 17/02/2012 വരെ സെന്റ് ജോൺസ് എച്ച്.എസ്. ഇരവിപുരം.

4. 05/08/2022 മുതൽ 08/10/2022 വരെ സെൻ്റ് അലോഷിയസ് എച്ച്.എസ്. കൊല്ലം.

5.11/11/2022 മുതൽ 31/03/2023 വരെ സെന്റ്റ് മൈക്കിൾസ് വി എച്ച് എസ് കുമ്പളം.

തുടർന്ന് ശ്രീമതി.ജെസ്ലെറ്റ്.എ - യെ കൊട്ടിയം സി എഫ് എച്ച് എസ് ലെ എച്ച്.എസ്.ടി (എസ്.എസ്) ശ്രീ.സുജിത്.എം.ടി. യുടെ സ്ഥാനക്കയറ്റ ഒഴിവിൽ 03/10/2023 റഗുലർ എച്ച്.എസ്.ടി.(എസ്.എസ്) തസ്തികയിൽ നിയമിച്ചിരുന്നു. പിന്നീട് ടിയാളെക്കാൾ സീനിയർ ആയ ശ്രീ. മനു ആൻറണി തസ്തിക ലഭ്യമല്ലാത്തതിനെ തുടർന്ന് 25/09/2023 മുതൽ ശ്രീമതി. ജെസ്ലെറ്റ്.എ. യെ നിയമിച്ച ഒഴിവിലേക്കും, ശ്രീമതി.ജെസ്ലെറ്റ്.എ. യെ 03/06/2024 മുതൽ കൊല്ലം സെന്റ് അലോഷിയസ് ഹൈസ്കൂളിലെ ശ്രീ.അനിൽ.ഡി.യുടെ സ്ഥാനകയറ്റ ഒഴിവിലേക്ക് മാനേജർ മാറ്റി ക്രമീകരിക്കുകയും ടി ക്രമീകരണം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

ടിയാളുടെ ജനനത്തീയതി 24/04/1980 ആണ്. ടിയാൾ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടതിനാൽ ജി.ഒ. (എം.എസ്) നം: 203/13 പൊ.വി.വ തിയതി: 02/07/2013 ഉത്തരവ് പ്രകാരം ഉയർന്ന പ്രായപരിധിയിലുള്ള ഇളവ് കൂടി പരിഗണിച്ചാലും 01/01/2024 ൽ 44 വയസ്സ് പൂർത്തിയാകുന്നു. ടിയാളുടെ 03/06/2024 മുതലുള്ള നിയമനം നിശ്ചിത

പ്രായപരിധിക്കുള്ളിലല്ല നടത്തിയിട്ടുള്ളത് അതിനാൽ ടിയാളുടെ റിവിഷൻ ഹർജ്ജിയിലെ ആവശ്യം പരിഗണനാർഹമല്ല.

4. സർക്കാർ ഈ വിഷയം ഹിയറിംങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) ശ്രീമതി. ജസ്ലറ്റ് കൊല്ലം കാത്തലിക് സ്കൂൾ കോപ്പറേറ്റീവ് മാനേജരുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകളിൽ വിവിധ കാലഘട്ടങ്ങളിലായി ദിവസവേതനത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

03.10.2023 മുതൽ ടിയാളെ കൊട്ടിയം സി.എഫ്.എച്ച്.എസ്. ൽ റെഗുലർ തസ്തികയിൽ എച്ച്.എസ്.ടി.(എസ്.എസ്) ആയി നിയമിച്ചു. ടിയാളെക്കാൾ സീനിയറായ ശ്രീ. മനു ആൻറണിയെ തസ്തിക ഇല്ല എന്ന കാരണത്താൽ 25.09.2023 മുതൽ ടിയാളെ നിയമിച്ച ഒഴിവിലേയ്ക്കും, ശ്രീ മനു ആൻറണിയെ നിയമിക്കുകയുണ്ടായി. വീണ്ടും 03.06.2024 ന് മുതൽ കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിലെ ഒഴിവിൽ ടിയാളെ മാനേജർ നിയമിച്ചു. എന്നാൽ 03.06.2024 ൽ ടിയാൾക്ക് 43 വയസ്സ് പ്രായപരിധി കഴിഞ്ഞിരുന്നു.

കൊട്ടിയം സി.എഫ്.എച്ച്.എസ്. ൽ 03.10.2023 ന് ശ്രീമതി ജെസ്ലറ്റിന് നിയമനം നൽകിയപ്പോൾ ടിയാൾക്ക് 43 വയസ്സ് അധികരിച്ചിട്ടില്ലായിരുന്നു. എന്നാൽ സീനിയർ ഉദ്യോഗാർത്ഥിയെ ക്രമീകരിക്കേണ്ട സാഹചര്യത്തിൽ പുറത്തുപോയ ശേഷം വീണ്ടും 03.06.2024 ൽ നിയമനം ലഭിക്കുമ്പോൾ അധികരിക്കുകയാണ് ഉണ്ടായത്.

ഈ സാഹചര്യത്തിൽ ശ്രീമതി. ജെസ്ലറ്റ് ദിവസവേതനത്തിൽ സേവനമനുഷ്ഠിച്ചു വരുന്നത് കണക്കിലെടുത്ത് ഉയർന്ന പ്രായപരിധി കഴിയുന്നതിനുമുമ്പ് പരാതിക്കാരിയെ വേക്കൻസിയിൽ നിയമിച്ചു തുടർന്ന് വരവേ തസ്തിക നഷ്ടപ്പെട്ട സീനിയറിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിന് വേണ്ടി 03.06.2024 മുതൽ മാറ്റി നിയമിക്കേണ്ടി വന്നതിനാലാണ് ഉയർന്ന പ്രായപരിധി കഴിഞ്ഞുപോയത് എന്ന് കാര്യം കണക്കിലെടുത്ത് മറ്റതരത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനം 03.06.2024 മുതൽ അംഗീകരിക്കാൻ കഴിയുമോ എന്നത് സർക്കാർ പരിശോദിച്ചു.

5. ചട്ട പ്രകാരം , ശ്രീമതി. ജെസ്ലറ്റ് ദിവസവേതനത്തിൽ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ വിവിധ കാലഘട്ടങ്ങളിൽ സേവനമനുഷ്ഠിച്ചു വന്നത് മാത്രം കണക്കിലെടുത്ത് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകാനാവില്ല. സീനിയറിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിന് വേണ്ടി മാറ്റി നിയമിക്കേണ്ടി വന്നതിനാലാണ് ഉയർന്ന പ്രായപരിധി കഴിഞ്ഞുപോയത് എന്നതും വയസ്സിളവിന് പരിഗണിക്കുന്നതിന് തക്കതായ കാരണമല്ല.

6. മേൽ സാഹചര്യത്തിൽ ചട്ടപ്രകാരം, ശ്രീമതി. ജെസ്ലറ്റ് - ന്റെ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലെ വിവിധ കാലയളവുകളിലെ ദിവസവേതന സേവനം മാത്രം പരിഗണിച്ച് പ്രായപരിധിയിൽ ഇളവ് നൽകാൻ സാധ്യമല്ല. സീനിയറിനെ അക്കോമൊഡേറ്റ് ചെയ്യുന്നതിന് മാറ്റി നിയമിക്കേണ്ടി വന്നതിനാലാണ് ഉയർന്ന പ്രായപരിധി പിന്നിട്ടു എന്നതും വയസ്സിളവിനുള്ള

മതിയായ കാരണമായി കണക്കാക്കാനാവില്ല. ആയതിനാൽ ശ്രീമതി. ജെസ്‌ലറ്റിന്റെ നിയമനം 03.06.2024 മുതൽ അംഗീകരിക്കാൻ കഴിയില്ലെന്ന വിവരം ശ്രീമതി. ജെസ്‌ലറ്റ് എ യെ അറിയിച്ച് , അപ്രകാരം കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) ശ്രീമതി. ജെസ്ലെറ്റ്.എ. സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
കോർപ്പറേറ്റ് മാനേജർ, കാത്തലിക് സ്കൂൾസ്, ബിഷപ്പ് ഹൗസ്, കൊല്ലം
ശ്രീമതി ജെസ്‌ലറ്റ് എ., എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്), സെന്റ് അലോഷ്യസ് എച്ച്.എസ്.എസ്., കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/563/2025-G.EDN തീയതി: 10/03/2026 )
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 05-03-2026 16:12:49
സെക്ഷൻ ഓഫീസർ